പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3083      22.2.2016 ൽ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാർക്ക് സെൻസസ്**

ചോദ്യം      മറുപടി

ശ്രീമതി.പി.അയിഷാ പോറ്റി      ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ സെൻസസ് തയ്യാറാക്കിയിട്ടുണ്ടോ ;എത്ര ഭിന്നശേഷിക്കാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിക്കാരുടെ സെൻസസ് നടന്നു വരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സെൻസസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി)ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ ; | (ബി)ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി<br>2. അന്ധ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണ എക്സ്ഗ്രേഷ്യ അനുവദിക്കുന്ന പദ്ധതി.<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിന് പരമാവധി രണ്ട് വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി<br>4. Persons with Disabilities രജിസ്ട്രേഷനുള്ള മാനസിക രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി<br>5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വികലാംഗ ദുരിതാശ്വാസ നിധി എന്ന പദ്ധതി.<br>6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ അച്ഛനമ്മമാരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായമായി 10,000/- രൂപ നൽകുന്ന പദ്ധതി |

| | |
|---|---|
| (സി) ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | 7. കാഴ്ചവൈകല്യമുള്ളവർക്ക് daisy player, Talking calculator, Braille kit, Mobility white cane, Magnifying glass എന്നീ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി .<br><br>(സി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായമായി 10000 രൂപ നൽകുന്ന പദ്ധതി ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ